GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വടകര നഗരസഭ-വ്യവസായ എസ്റ്റേറ്റ് പ്ലോട്ട് കൈയൊഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.2601/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 17-9-2012.

---

**പരാമർശം :-**
1. സ.ഉ. (സാധാ) നം. 372/2010/തസ്വഭവ തീയതി 2-2-2010.
2. വടകര നഗരസഭയുടെ 28-6-2010-ലെ 11-ാം നമ്പർ തീരുമാനം.
3. വടകര നഗരസഭാ സെക്രട്ടറിയുടെ 23-12-2011-ലെ ആർ 7-16139/07 നമ്പർ കത്ത്.
4. നഗരകാര്യ ഡയറക്ടറുടെ 13-4-12 ലെ ജി3-410/12 നമ്പർ കത്ത്.

ഉത്തരവ്

IDSMT സ്കീമിൽ ഉൾപ്പെടുത്തി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി കരിമ്പനപ്പാലം എന്ന സ്ഥലത്തെ 1.8481 ഹെക്ടർ ഭൂമി വടകര നഗരസഭ അക്വയർ ചെയ്യുകയും അതിന് സെന്റിന് 30,000/- രൂപ വില നിശ്ചയിച്ച് പത്രപരസ്യം മുഖേന വ്യവസായ സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിനായി പ്ലോട്ടുകളായി തിരിച്ച് നൽകുകയും ചെയ്തിരുന്നു. ഭൂമി കിട്ടുന്നയാൾ വിലയുടെ 25% ആദ്യം ഒടുക്കേണ്ടതും ബാക്കി തുക 10 വർഷം കൊണ്ട് 8% പലിശയോടെ 20 അർദ്ധവർഷ ഗഡുക്കളായി ഒടുക്കണമെന്നും വീഴ്ച വരുത്തിയവർ ഓരോ ഗഡുവിനും 24% പിഴപലിശ നൽകണമെന്നും വ്യവസ്ഥ ചെയ്തിരുന്നു.

2. ടി പദ്ധതിയിൻ കീഴിൽ റി.സ.230/19 ൽപ്പെട്ട 10 സെന്റ് വിസ്തൃതിയുള്ള അഞ്ചാം നമ്പർ വ്യവസായ പ്ലോട്ട് ലഭിച്ച ശ്രീ. എം.ബേബി എന്നയാൾക്ക്, ടിയാൻ പ്ലോട്ടിന്റെ മൊത്തം വിലയും ഒടുക്കിയതിനാൽ, അതിന്റെ അവകാശം രജിസ്റ്റർ ചെയ്തു നൽകുന്നതിന് പരാമർശം (2) പ്രകാരം നഗരസഭ തീരുമാനിക്കുകയും പരാമർശം (3) പ്രകാരം അപേക്ഷിക്കുകയും ചെയ്തു. പരാമർശം (1) പ്രകാരം പിഴപലിശ ഒഴിവാക്കി പ്ലോട്ടിന്റെ വില ഒടുക്കുന്നതിന് ടിയാന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, വടകര നഗരസഭ വ്യവസായ എസ്റ്റേറ്റിലെ റി.സ.230/19 ൽപ്പെട്ട 10 സെന്റ് വിസ്തൃതിയുള്ള അഞ്ചാം നമ്പർ പ്ലോട്ടിന്റെ ഉടമസ്ഥാവകാശം 2000-ലെ കേരള

മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 215 (1) വകുപ്പ് പ്രകാരവും ആയത് വ്യവസായ ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ എന്ന വ്യവസ്ഥക്ക് വിധേയമായി ശ്രീ. എം. ബേബിക്ക് അനുവദിക്കുന്നതിന് വടകര നഗരസഭയയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ആർ. സുരേശൻ
ഡെപ്യൂട്ടി സെക്രട്ടറി.

**To**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, LBA&A , തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്
സെക്രട്ടറി, വടകര നഗരസഭ
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.